# കേരള സർവകലാശാല

നം.പി.ആർ.149/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

എസ്.എൻ കോളേജ്, കൊല്ലം, എൻ.എസ്.എസ് കോളേജ്, പന്തളം എന്നീ കോളേജുകളുടെ മാത്രം നാലാം സെമസ്റ്റർ എം.എസ്.സി ബോട്ടണി പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 17 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി.ജി പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ പി.ജി പോളിമർ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷയും ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, എം.എം.എൻ.എസ്.എസ് കോളേജ്, കൊട്ടിയം, എൻ.എസ്.എസ് കോളേജ്, പന്തളം, എസ്.ഡി കോളേജ്, ആലപ്പുഴ, എസ്.എൻ കോളേജ് ഫോർ വിമെൻ, കൊല്ലം, എസ്.എൻ കോളേജ്, ശിവഗിരി, എസ്.എൻ കോളേജ്, പുനലൂർ, ടി.കെ.എം. കോളേജ്, കൊല്ലം, ഇമ്മാനുവേൽ കോളേജ്, വാഴിച്ചാൽ എന്നീ കേന്ദ്രങ്ങളിലെ മാത്രം പി.ജി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷയും ആഗസ്റ്റ് 18 മുതൽ ആരംഭിക്കുന്നതാണ്. മറ്റു കേന്ദ്രങ്ങളിലെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവാ വോസി

2020 മേയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷയുടെ വൈവാ വോസി പരീക്ഷ ആഗസ്റ്റ് 17 ന് അതതു കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2020 സെപ്റ്റംബറിൽ ആരംഭിക്കുന്ന എം.സി.എ ആറാം സെമസ്റ്റർ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം), ആറാം സെമസ്റ്റർ സപ്ലിമെന്ററി (2011 സ്കീം – 2014 അഡ്മിഷൻ മാത്രം) എന്നീ പരീക്ഷകളുടെ രജിസ്ട്രേഷൻ ആഗസ്റ്റ് 12 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ആഗസ്റ്റ് 21 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ആഗസ്റ്റ് 10 ലെ പരീക്ഷാകൺട്രോളറുടെ വിജ്ഞാപന പ്രകാരം രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.ബി.എ/ബി.സി.എ/ബി.എം.എസ്/ബി.എസ്.ഡബ്ല്യൂ/ബി.വോക് മേഴ്സിചാൻസ് രണ്ടാം സെമസ്റ്റർ (2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 22 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും ഓൺലൈനായിട്ടാണ് അപേക്ഷിക്കേണ്ടത്. പരീക്ഷാടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

## പരീക്ഷാഫലം

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ ഫിലോസഫി, എച്ച്.ആർ.എം, ബിസിനസ് ഇക്കണോമിക്സ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എസ്.സി സൈക്കോളജി, ജിയോഗ്രഫി (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**11.08.2020**

e-mail: ku.release@gmail.com website: www.keralauniversity.ac.in